(ബി) തമിഴ്നാട് കെട്ടിയിട്ടുള്ള തടയണകളുടെ വിവരങ്ങൾ ലഭ്യമല്ല.

(സി) ശിരുവാണി കുടിവെള്ള പദ്ധതി കരാറിൽ തടയണകളുടെ നിർമ്മാണത്തെപ്പറ്റി പ്രതിപാദിക്കുന്നില്ല. തമിഴ്നാട് ഭവാനി നദിയിൽ നിർമ്മിച്ചിട്ടുള്ള അണക്കെട്ടുകൾ മൂലം അട്ടപ്പാടി പ്രദേശങ്ങളിൽ ഉണ്ടാകുന്ന വരൾച്ചയെക്കുറിച്ച് കേരളം കാവേരി നദീജല തർക്ക ട്രൈബ്യൂണലിൽ സമർപ്പിച്ചിട്ടുള്ള സത്യവാങ്മൂലത്തിൽ പരാതിപ്പെട്ടിട്ടുണ്ട്.

(ഡി) 1968-ന് മുമ്പ് തമിഴ്നാട് നിർമ്മിച്ചിട്ടുള്ള അപ്പർ ഭവാനി ഈസ്റ്റ് വരാഹർ, വെസ്റ്റ് വരാഹർ എന്നീ അണക്കെട്ടുകളെക്കുറിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ഭവാനി നദിയിൽ തടയണ കെട്ടുന്നതിനുള്ള കരാർ വ്യവസ്ഥകൾ

91 [5235] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
,, സി. പി. മുഹമ്മദ്:
,, പി. ജെ. ജോയി:
,, ഡി. സുഗതൻ:
,, എൻ.ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവാനി നദിയിൽ മുരാലിയിൽ തടയണ കെട്ടുവാൻ സംസ്ഥാനം നടത്തിയ ശ്രമത്തിന് തടസ്സം നേരിട്ടതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ശ്രമത്തിന് തടസ്സം ഏർപ്പെടുത്തിയ അതോറിറ്റിയുടെ മുമ്പാകെ ഹിയറിംഗ് സമയത്ത് കേരളം ഒപ്പുവച്ചത് ഏത് കരാറിലെ വ്യവസ്ഥകളെയാണ് ഉയർത്തിക്കാട്ടിയത്;

(സി) പ്രസ്തുത കരാറിൽ ഭവാനി നദിയിലെ ജലം പങ്കുവയ്ക്കുന്നതിനെപ്പറ്റി എന്തെല്ലാം വിധത്തിൽ പരാമർശിച്ചിരുന്നുവെന്ന് പറയുമോ;

(ഡി) ഭവാനി നദിയിലെ ജലം ഉപയോഗിക്കുവാൻ കേരളത്തിന് യഥാർത്ഥത്തിൽ അവകാശം കിട്ടുന്നത് എന്ന് ഒപ്പുവച്ച ഏത് കരാർ പ്രകാരമാണെന്ന് വിശദമാക്കുമോ;

(ഇ) ഭവാനി നദിയിലെ വെള്ളം ഉപയോഗിക്കുവാൻ ഉള്ള അവകാശം കിട്ടിയ കരാർ, അതോറിറ്റിയുടെ മുമ്പിൽ ഉയർത്തിക്കാണിച്ചിരുന്നുവോ;

(എഫ്) ഇല്ലാത്തപക്ഷം കേരളത്തിന്റെ കേസ് തോൽക്കുവാൻ ഇടയാക്കിയതിന്റെ ഉത്തരവാദിത്തം ആർക്കെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തമിഴ്നാട് സർക്കാർ കാവേരി നദീജല തർക്ക ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത പരാതിയിൻമേൽ കാവേരി നദീജല തർക്കത്തിന്റെ അന്തിമ വിധി വരുന്നതുവരെ തടയണയുടെ പണി നിർത്തിവയ്ക്കണമെന്ന് ഉത്തരവായി. ഇതിൻ പ്രകാരമാണ് തടയണയുടെ നിർമ്മാണം നിർത്തിവച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1973-ൽ കേരളവും തമിഴ്നാടും തമ്മിൽ ഒപ്പുവച്ച ശിരുവാണി കുടിവെള്ള പദ്ധതി കരാർ പ്രകാരം കേരളത്തിന് ഭവാനി പുഴയിൽ നിന്ന് 2.5 ടി.എം.സി. ജലം ഉപയോഗിക്കാം എന്നുള്ള വ്യവസ്ഥയാണ് കാവേരി നദീജല തർക്ക ട്രൈബ്യൂണൽ മുമ്പാകെ ഉയർത്തിക്കാട്ടിയത്.

(സി) ഭവാനിപ്പുഴയുടെ പോഷക നദിയായ ശിരുവാണി നദിയിൽനിന്നും പ്രസ്തുത കരാർ പ്രകാരം 1.3 ടി.എം.സി. ജലം തമിഴ്നാട്ടിലെ കോയമ്പത്തൂരിൽ കുടിവെള്ളത്തിനായും കേരളത്തിന് 2.5 ടി.എം.സി. ജലം ഭവാനിപ്പുഴയിൽ നിന്നും അട്ടപ്പാടി പ്രദേശത്തെ ജലസേചനത്തിനായും ഉപയോഗിക്കുന്നതിന് വ്യവസ്ഥയുണ്ട്.

(ഡി) 1973-ൽ കേരളവും തമിഴ്നാടും ഒപ്പുവച്ച ശിരുവാണി കുടിവെള്ള പദ്ധതി കരാർ പ്രകാരം.

(ഇ) ഉയർത്തിക്കാണിച്ചിരുന്നു.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

ഭവാനി നദിയിൽ നിന്ന് കേരളത്തിന് അർഹതപ്പെട്ട ജലം

92 [5236] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
„ തേറമ്പിൽ രാമകൃഷ്ണൻ:
„ എ. കെ. മണി:
„ ഇ. എം. അഗസ്തി:

ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവാനി നദിയിലെ വെള്ളത്തിൽ നിന്നും കേരളത്തിന് എത്ര വെള്ളം ലഭിക്കുവാൻ അർഹതയുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഏത് കരാറനുസരിച്ചാണ് ഈ അർഹത ലഭിക്കുന്നത്; അർഹതയുള്ള വെള്ളം ഇപ്പോൾ കിട്ടുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ഈ കാര്യം ചൂണ്ടിക്കാണിച്ച് സുപ്രീം കോടതിയെ സമീപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരളവും തമിഴ്നാടുമായുള്ള ശിരുവാണി കുടിവെള്ള പദ്ധതി കരാർ പ്രകാരം കേരളത്തിന് ഭവാനി നദിയിൽ നിന്നും 2.5 ടി.എം.സി. ജലം ലഭിക്കുവാനുള്ള അർഹതയുണ്ട്.

(ബി) 1973-ലെ കേരളവും തമിഴ്നാടുമായി ഒപ്പുവച്ചിട്ടുള്ള ശിരുവാണി കുടിവെള്ള പദ്ധതി കരാർ പ്രകാരം അർഹതയുള്ള വെള്ളം ഇപ്പോൾ കിട്ടുന്നില്ല.

(സി) കേരളവും തമിഴ്നാടുമായുള്ള ശിരുവാണി കുടിവെള്ള പദ്ധതി കരാർ പ്രകാരം കേരളത്തിന് ഭവാനി നദിയിൽ നിന്നും 2.5 ടി.എം.സി. ജലം ഉപയോഗിക്കുന്നതിനുള്ള അർഹതയുണ്ട്. ഇതിൽനിന്നും 0.718 ടി.എം.സി. ജലം ഉപയോഗിക്കുവാനായി

LIBRARY ARCHIVES Kerala Legislative Assembly